**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1911.**

**15/07/2015-ൽ മറുപടിക്ക്.**

## പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉല്പാദന ചെലവ് കുറച്ച് പാൽ ഉല്പാദനം ലാഭകരമാക്കി മാറ്റുന്നതിന് തീറ്റപ്പുൽകൃഷി വികസന പദ്ധതി , കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പദ്ധതി , ക്ഷീര സംഘങ്ങളുടെ നവീകരണത്തിലുള്ള പദ്ധതി,പാലിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br>ക്ഷീര മേഖലയെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ മിൽമയുടെ കീഴിലുള്ള മേഖല യൂണിയനുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയായി ഏകദേശം 10 കോടി രൂപയോളം നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) വകുപ്പിന്റെ പദ്ധതികൾ ക്ഷീര സംഘങ്ങൾ വഴി നടപ്പിലാക്കുന്നതു മൂലം ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, വാർത്താമാധ്യമങ്ങൾ, ക്ഷീര വികസന ഓഫീസുകൾ എന്നിവ വഴി ആവശ്യമായ പരസ്യം നൽകി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതു വഴി ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട് . |

(സി) സംസ്ഥാനത്ത് പാലിന്റെ ഇറക്കുമതി കുറയ്ക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(സി) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു വേണ്ടിയുള്ള നടപടി-കളാണ് സ്വീകരിച്ചിട്ടുള്ളത്. മിൽമയുടെ പ്രതിദിന പാൽ ഉപഭോഗം 12,66,000 ലിറ്റർ ആണ്. അതിൽ മിൽമയുടെ ആഭ്യന്തര സംഭരണം 10,77,000 ലിറ്റർ പാലാണ്. തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ